(ബി) ചില വ്യവസ്ഥകൾ തമിഴ്നാട് ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവയെല്ലാം അതാതു സമയത്തുതന്നെ തമിഴ്നാട് സർക്കാരിനെ അറിയിച്ചിട്ടുണ്ട്. കരാർ റിവ്യൂവിനുണ്ടാക്കിയിട്ടുള്ള ടെക്നിക്കൽ കമ്മിറ്റി റിപ്പോർട്ടിലും ഈ ലംഘനങ്ങൾ കേരളം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. എന്നാൽ ഇവയൊന്നും തന്നെ കരാർലംഘനങ്ങളല്ല എന്നതാണ് തമിഴ്നാടിന്റെ നിലപാട്.

(സി) ഇല്ല.

ചിറ്റൂർപുഴ പദ്ധതിയുമായി ബന്ധപ്പെട്ട പറമ്പിക്കുളം-ആളിയാർ കരാർ

42 [199] ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽ ചിറ്റൂർപുഴ പദ്ധതിയുമായി ബന്ധപ്പെട്ട് പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം 2002-03, 2003-04 എന്നീ വർഷങ്ങളിൽ എത്ര ഘന അടി വെള്ളമാണ് ലഭിച്ചത്;

(ബി) അതിൽ കരാർ പ്രകാരം ലഭിക്കേണ്ടിയിരുന്നത് എത്രയാണ്; അതിൽ എത്ര ലഭിച്ചു; വിശദവിവരം വെളിപ്പെടുത്തുമോ;

(സി) കരാർ പ്രകാരമുള്ള വെള്ളം ലഭിക്കാതിരുന്നതിനാൽ എത്ര ഏക്കർ ഭൂമിയിലെ കൃഷിയാണ് വരൾച്ചമൂലം നശിച്ചുപോയത് എന്ന് വ്യക്തമാക്കുമോ;

(ഡി) നാശനഷ്ടം പരിഹരിക്കാൻ ഗവൺമെന്റ് എന്തെങ്കിലും ധനസഹായം നല്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 2002-03-ൽ 6245 ഘന അടി വെള്ളവും 2003-04-ൽ ജനുവരി 14-വരെ 2156 ഘന അടി വെള്ളവും ലഭിച്ചിട്ടുണ്ട്.

(ബി) 2002-03-ൽ കരാർ പ്രകാരം മുൻകൊല്ലത്തെ നീക്കിയിരിപ്പുകൂടി കണക്കിലെടുത്ത് 7284 മില്ല്യൻ ക്യൂബിക് ഫീറ്റും 2003-04-ൽ ജനുവരി 15 വരെ കരാർ പ്രകാരം 5200 മില്ല്യൻ ക്യൂബിക് ഫീറ്റും ആണ് കിട്ടേണ്ടിയിരുന്നത്. 2003-04-ൽ ആകെ ലഭിക്കേണ്ട ജലം മുൻവർഷത്തെ നീക്കിയിരുപ്പടക്കം 7889 മില്ല്യൻ ക്യൂബിക് ഫീറ്റ് ആണ്. ഇതിൽ 2002-03-ൽ 6245 ഘന അടി വെള്ളവും 2003-04-ൽ ജനുവരി 14 വരെ 2156 ഘന അടി വെള്ളവും ലഭിച്ചിട്ടുണ്ട്.

(സി ആന്റ് ഡി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly